# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2747 14.02.2013 - ൽ മറുപടിക്ക്

## കേരള വാട്ടർ അതോറിറ്റിയിൽ സോഫ്റ്റ് വെയർ വാങ്ങിയ നടപടി

| ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) കേരള വാട്ടർ അതോറിറ്റിയിൽ ORACLE സോഫ്റ്റ് വെയർ വാങ്ങിയതിലൂടെ ഏതെല്ലാം ഓഫീസുകളിലേക്ക് 'ABACUS' -ന്റെ പ്രവർത്തനം വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ; | (എ) | കേരള വാട്ടർ അതോറിറ്റിയിൽ ORACLE സോഫ്റ്റ് വെയർ വാങ്ങിയതിലുടെ ABACUS ന്റെ പ്രവർത്തനം 25 റവന്യു ഡിവിഷനുകളിലേയ്ക്കും, സെക്ഷനുകളിലേയ്ക്കും വ്യാപിപ്പിക്കുവാൻ കഴിയും. |
| (ബി) കേരള വാട്ടർ അതോറിറ്റിയിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ഉപയോഗിക്കണം എന്ന് 2011 -ൽ ഐ.ടി സെക്രട്ടറി നിർദ്ദേശം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് വിരുദ്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്വെയർ സാദ്ധ്യമായിടത്തെല്ലാം ഉപയോഗിക്കണമെന്ന് ഐ.ടി സെക്രട്ടറിയുടെ നിർദ്ദേശം കേരള വാട്ടർ അതോറിറ്റിയിൽ ലഭിച്ചത്. 11.02.2011-ലാണ്. അതിന് മുമ്പ് തന്നെ കേരള വാട്ടർ അതോറിറ്റിയിൽ കമ്പ്യൂട്ടറൈസേഷൻ പദ്ധതികൾ ആരംഭിച്ചിരുന്നതിനാലും നിലവിലുള്ള ഡേറ്റാബേസ് ഒറാക്കിൾ അടിസ്ഥാനമായിട്ട് ഉള്ളതിനാലും, പ്രൊപ്രൈറ്ററി സോഫ്റ്റ്വെയറുകൾ ഇപ്പോഴും ഉപയോഗിച്ച് വരുകയാണ്. എന്നാൽ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കാൻ കഴിയുന്നിടങ്ങളിൽ എല്ലാം പരമാവധി ഉപയോഗിക്കാൻ ശ്രമിച്ചിട്ടുണ്ട്. 2012-ൽ ഡെവലപ്പ് ചെയ്ത് നടപ്പിലാക്കിയ പ്രോജക്ട് അലർട്ട് സിസ്റ്റം (PASK)-ൽ ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറാണ് ഉപയോഗിച്ചിരുന്നത്. |
| (സി) സ്വതന്ത്ര സോഫ്റ്റ് വെയർ ഒഴിവാക്കി ORACLE വാങ്ങുന്നത് കാരണം സോഫ്റ്റ്വെയറിന്റെ വില, ലൈസൻസ് ഫീസ് എന്നീ ഇനങ്ങളിൽ ഉണ്ടാകുന്ന അധികചെലവ് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | കണക്കാക്കിയിട്ടില്ല. |

(ഡി) "ORACLE" എന്ന കമ്പനിയുടെ ഉല്പന്നം 'ടെൻഡർ' ഒഴിവാക്കി KELTRON മുഖാന്തിരം വാങ്ങുന്നത് നിലവിലുള്ള സർക്കാർ ഉത്തരവിന് വിരുദ്ധമാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ടെൻഡർ വിളിക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും, ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആയ KELTRON-ന്റെ സാങ്കേതിക പരിജ്ഞാനം ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയാണ് സർക്കാർ സ്ഥാപനമായ KELTRON മുഖാന്തിരം വാങ്ങിയത്.

(ഇ) 'ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം' വികസിപ്പിച്ചുക്കൊണ്ടിരിക്കുമ്പോൾ തന്നെ 'ടാലി ' സോഫ്റ്റ് വെയർ വാങ്ങിയതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപ ചെലവായി എന്ന് വ്യക്തമാക്കുമോ?

(ഇ) കേരള വാട്ടർ അതോറിറ്റിയിൽ ഫിനാൻഷ്യൽ അക്കൗണ്ടിംഗ് സിസ്റ്റം വികസിപ്പിക്കുന്നതിലെ കാലതാമസം പരിഗണിച്ച് 2008-09 മുതൽ കുടിശ്ശികയായ വാർഷിക കണക്കുകളുടെ തീർപ്പാക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിനും എത്രയും പെട്ടെന്ന് തീർപ്പാക്കുന്നതിനുമായിട്ടാണ് താരതമ്യേന വില കുറഞ്ഞ (ഒരു ഓഫീസിലേയ്ക്ക് 13,800/- രൂപ മാത്രം) 'ടാലി' സോഫ്റ്റ്‌വെയർ വാങ്ങുന്നതിന് തീരുമാനിച്ചത്. FAS പൂർത്തിയാകുമ്പോൾ അതിലേയ്ക്ക് ആവശ്യമായ അടിസ്ഥാന സാമ്പത്തിക വിവരങ്ങൾ 'ടാലി' യിലൂടെ ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടിരിക്കുന്നു. ഇതിനായി ആകെ അഞ്ചു ലക്ഷത്തി അറുപത്തി ഏഴായിരം രൂപാ (5.67 ലക്ഷം) ചിലവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ